അദ്ധ്യാപികകൾ.

൪൭൮. [൨൯] ശ്രീ ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ എൻതുരുത്ത് പ്രൈമറിസ്കൂളിൽനിന്നും കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവർത്തനങ്ങളിൽ പങ്കെടുത്തുവെന്ന കാരണം ചൂണ്ടി രണ്ട് അദ്ധ്യാപികകളെ പിരിച്ചുവിടുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ ആ പിരിച്ചുവിടലിന്റെ നിയമസാധുതയെ ചോദ്യംചെയ്തുകൊണ്ട് ഹൈക്കോടതിയിൽ റിട്ട് ബോധിപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) ആ റിട്ടിന്മേൽ ഹൈക്കോടതിയുടെ വിധി എന്തായിരുന്നു ?

ഉത്തരം.

(എ) വിദ്വേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് രണ്ട് അദ്ധ്യാപികമാരെ പിരിച്ചുവിടുകയുണ്ടായി.

(ബി) ഉണ്ട്.

(സി) ഹർജി തള്ളി.

പമ്പിംഗ് സബ്സിഡി.

൪൭൯. [൨൨] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ താലൂക്കിലെ കോൾകൃഷിക്ക പമ്പിംഗ് സബ്സിഡി നൽകിത്തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) എന്നു മുതൽ കൊടുക്കുമെന്ന കൃത്യമായി പറയാമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) സബ്സിഡിനൽകേണ്ട ആവശ്യമുണ്ടെന്ന് ഗവണ്മെൻറിനു ബോദ്ധ്യപ്പെടാത്തതുകൊണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി ഉൽപാദനം.

൪൮൦. [൫] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴകുറയുമ്പോഴും വേനൽക്കാലത്തും അണക്കെട്ടുകളിൽ വെള്ളമില്ലാതെ വിദ്യുച്ഛക്തി ഉൽപാദനം കുറയുന്നതുകൊണ്ട് വ്യവസായശാലകൾ കൂടക്കൂടെ അടച്ചിടുന്നുണ്ടെന്ന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം തൊഴിൽ കഴപ്പുണ്ടാകുന്നുവെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ?

(സി) അതിനാൽ വ്യവസായശാലകളുടെ വിജയകരമായ നടത്തിപ്പിനു ആവശ്യമായ പെട്രവ്വർസ്റ്റേഷനുകൾ നിൽക്കുന്നതിനു ഗവണ്മെൻറ് ഉടനടി ശ്രദ്ധിക്കുമോ ;

(ഡി) ഫൻ @ ഫ-ൽ എന്നീ വർഷങ്ങളിൽ വിദ്യുച്ഛക്തിയുടെ കുറവുമൂലം എത്തെല്ലാം ഫാക്ടറികൾ എത്ര ദിവസം വീതം അടച്ചിടുകയുണ്ടായി ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മാട്ടുപ്പെട്ടി അണയുടെ പണി പൂർത്തിയാകുന്നതോടെ വിദ്യുച്ഛക്തിയുടെ ദൌർലഭ്യം അടുത്ത വേനൽ മുതൽ നേരിടാനിടയില്ല. വ്യവസായികാവശ്യങ്ങൾക്കു മതിയാവോളം കറൻറ്, പൊരിങ്ങൽക്കുത്ത്, ചെങ്കുളം ഈ പ്രോജക്ടുകൾ പൂർത്തിയാകുന്നതോടെ ലഭ്യമാകും. മറ്റു പ്രോജക്ടുകളുടെ സാദ്ധ്യതകളെക്കുറിച്ചു് ആരാഞ്ഞുകൊണ്ടിരിക്കയുമാണു്.

(ഡി) ഫൻ@ ഫ-ൽ ഈ കാരണത്താൽ ഒരു ഫാക്ടറിയും അടച്ചിട്ടിട്ടില്ല. ഫൻ@ ഫ-ൽ ഉശ്ശൂർ രാമവർമ്മപുരത്തുള്ള വനജാ ടെക്സ്റ്റയിൽസ് ഫൻ ദിവസവും, പീയൂർ സെൻറ്മേരീസ് ടൈൽ വർക്സ് ൻ ദിവസവും ഒല്ലൂർ സെൻറ് ജോസഫ് യൂണിയൻ ടൈൽ വർക്സ്, മാർണിംഗ്സ്റ്റാർ ടൈൽ വർക്സ് ഇവ നാലുദിവസം വീതവും അടച്ചിടുകയുണ്ടായി.

Bridge on Ayikudy river.

581. [3] **Shri K. Sattanatha Karayalar :** Will the Minister for Works be pleased to state :

(*a*) whether the Government have received representations to construct a bridge across Ayikudy river near Ayikudy in Shencottah Taluk ; and

(*b*) if so, does the Government propose to construct the same at an early date ?

Answer.

(*a*) Yes.

(*b*) Government propose to construct the bridge if the Devaswom Board is prepared to meet half the cost.

LIBRARY ARCHIVES Kerala Legislative Assembly